സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എ. കമല) : സർ, ശ്രീ. പി. സി. ജോർജ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ

11 A. M.] ബില്ലിൽ, ഒരു സംഘത്തിലെ ഒരു ഭരണസമിതി അംഗം അദ്ദേഹം ആർക്കെങ്കിലും ജാമ്യം നിൽക്കുകയാണെങ്കിൽ മൂന്നുമാസത്തിലധികം കുടിശ്ശിക വന്നുപോയാൽ അദ്ദേഹത്തെ ഡീഫാക്ടർ ആയിട്ട് തീരുമാനിക്കും, അതിനുമുമ്പ് അദ്ദേഹത്തിന് നോട്ടീസ് കൊടുക്കണമെന്നുള്ളതാണ്. ഒരു സംഘമെന്നു പറഞ്ഞാൽ ആ ഗ്രാമത്തിലെ ജനങ്ങളുടെ ജീവനെറയും രക്തത്തിനെറയും ഭാഗമാണ്. അവരുടെ ഹൃദയത്തുടിപ്പാണ് ഒരുസംഘം. ആ സംഘത്തിലെ നടപടി ക്രമങ്ങളും പരിശോധിക്കാൻ ഡയറക്ടർക്ക് പൂർണ്ണമായും ചുമതലയുണ്ട്. സാധാരണ ഗതിയിൽ റിക്കവറി ഓഫ് ലോൺസ്, പീരിയോഡിക്കൽ റവ്യൂ ഇതൊക്കെ ശരിക്കും ഒരു സംഘത്തിലെ ഡയറക്ടർ അറിഞ്ഞിരിക്കണം. അങ്ങനെയുള്ള ഒരാൾ സാധാരണ ഒരു അംഗത്തിന് ജാമ്യം നില്ക്കുകയും കുടിശ്ശികക്കാരനായി മാറുകയും ചെയ്താൽ അദ്ദേഹത്തിന് നോട്ടീസ് കൊടുക്കണമെന്നു പറയുന്നതിനോട് ഗവൺമെൻറിന് യോജിക്കാൻ വിഷമമുണ്ട്. ഇന്ന് പുതിയ സഹകരണനിയമം തയ്യാറായി നിയമവകുപ്പ് അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അന്തിമമായ ഡ്രാഫ്റ്റ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

അതുകൊണ്ട് ഇത് പരിശോധിക്കാം. ശ്രീ. പി. സി. ജോർജിന് വിഷമമില്ലാത്ത രീതിയിൽ കാര്യങ്ങൾ തീർക്കാം. ബില്ല് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(4) 1985-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കൂടുതൽ സ്വകാര്യ സ്കൂളുകൾ അനുവദിക്കുന്നതിന് എതിരായി ഗവൺമെൻറിൻെറ പ്ലാനിംഗ് ബോർഡ് ശക്തമായ മുന്നറിയിപ്പാണ് നൽകിയിട്ടുള്ളതെങ്കിലും കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ പുതിയതായി കൂടുതൽ കൂടുതൽ സ്വകാര്യ വിദ്യാലയങ്ങൾ അനുവദിക്കുന്നതിന് എതിരായിട്ടാണ് ഇന്ന് ഈ ഭേദഗതി ബിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

സർ, ഇവിടെ അൺഎയിഡഡ് സ്കൂളുകളാണ് കൂടുതലായി അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം തന്നെ 150 അൺഎയിഡഡ് സ്കൂളുകളാണ് അനുവദിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അൺഎയിഡഡ് സ്കൂളിൽ ഒരു കുട്ടിയെ പഠിപ്പിക്കുകയെന്നതുതന്നെ വലിയ സാമ്പത്തിക ഭാരമാണ്. നമ്മുടെ രാഷ്ട്രീയ പ്രവർത്തകർ പോലും അൺഎയിഡസ് സ്കൂളുകൾക്ക് പ്രോൽസാഹനം കൊടുക്കുന്നൊരു സമീപനം കേരളത്തിൽ ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് ഖേദകരമായ ഒരു വസ്തുതയാണ്. ഈ അൺഎയിഡഡ് സ്കൂളുകളെ രാഷ്ട്രീയപ്രവർത്തകരെങ്കിലും ബഹിഷ്കരിച്ചുകൊണ്ട് ഒരു മാതൃക കാണിക്കണം. ഞങ്ങളുടെ പാർട്ടി, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഒരു തീരുമാനം എടുത്തിട്ടുണ്ട്. പാർട്ടിയുടെ സംസ്ഥാന കമ്മറ്റികളിലും ജില്ലാകമ്മറ്റികളിലുമുള്ള മെമ്പർമാരുടെ കുട്ടികളെ ഈ അൺഎയിഡഡ് സ്കൂളുകളിൽ അയയ്ക്കുകയില്ലാ എന്ന് ഞങ്ങളുടെ പാർട്ടി ഒരു തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ബാലകൃഷ്ണൻ അങ്ങയ്ക്ക് അടുത്ത തവണ തുടരാം.

(ചർച്ച തുടരും)

(5) 1985-ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങൾ ഏറ്റെടുക്കൽ) ബിൽ

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പൊൻമുടി ടീ. എസ്റ്റേറ്റിനെ സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ഞാനിവിടെ സംസാരിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞു അത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ.യു. മഹാബലറാവുവിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന്. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചു. അക്കാര്യം ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇവിടെ വെളിപ്പെടുത്തുകയുണ്ടായി: അതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ല് ആവശ്യമില്ല എന്നുള്ളതാണ് ഗവൺമെന്റിനു പറയുവാനുള്ളത്. ഇതൊരു പ്രൈവറ്റ് തോട്ടമായിരുന്നു. ശ്രീമാൻ തോമസ് നടത്തിയിരുന്ന തോട്ടം, വളരെ കാലം നടത്തിയതിനുശേഷം, അതിന്റെ പ്രവർത്തനം നിറുത്തിവെച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് റിസീവറായി അദ്ദേഹത്തെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഭരണത്തിൽ വീണ്ടും നടന്നുവരികയും ചെയ്യുകയായിരുന്നു. 1984നു ശേഷം തീരെ നടക്കാത്ത ഒരു സ്ഥിതിവിശേഷമുണ്ടായി. ഗവൺമെന്റിന് ധാരാളം കുടിശ്ശിക പണമായി കിട്ടാനുണ്ട്. അതിന് ആവശ്യമായ നടപടികളും എടുത്തപ്പോൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ തൊഴിലാളികൾക്ക് ധാരാളം ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. അതും കൊടുത്തു കഴിഞ്ഞിട്ടില്ല. അതിന് ആവശ്യമായ നടപടികളും എടുത്തപ്പോൾ അതിനെതിരായും സ്റ്റേ വന്നിരിക്കുകയാണ്. ഇതിന് അന്തിമമായ ഒരു പരിഹാരം ഉണ്ടാകണം എന്നുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു ഏകാംഗ കമ്മീഷനായി ശ്രീമാൻ യു. മഹാബലറാവുവിനെ ഗവൺമെന്റ് നിയമിച്ചത്. ആ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് ലേബർ ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് കഴിഞ്ഞതിനുശേഷം, വ്യവസായ വകുപ്പിലേക്ക് കൊടുത്തു. കഴിഞ്ഞ 8-7-86-ൽ വ്യവസായ വകുപ്പിന് അത് ലഭിച്ചു. വ്യവസായ വകുപ്പ് അതു പരിശോധിച്ചു കഴിഞ്ഞതിനുശേഷം നമ്മുടെ മന്ത്രിസഭ അത് പരിശോധിച്ച് ആവശ്യമായ നടപടികളും എടുക്കുവാൻ തയ്യാറാണ്. അതുകൊണ്ട് ഈ ബില്ല് ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ ബില്ല്, പിൻവലിക്കുന്നില്ല. ഞാൻ ഇത് പ്രസ്സ് ചെയ്യുന്നു.

1985-ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങൾ വിലയ്ക്കെടുക്കൽ) ബിൽ അവതരണാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ പോലും ആവശ്യപ്പെടുന്നു.

(സഭ താഴെ കാണും പ്രകാരം വേർതിരിഞ്ഞ് വോട്ടെടുപ്പു നടത്തുകയുണ്ടായി.)

LIBRARY ARCHIVES Kerala Legislative Assembly